(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്

(സി) ഇതിനുള്ള ഇൻവെസ്റ്റിഗേഷൻ പുരോഗമിച്ചു വരുന്നു.

കേന്ദ്രാനുമതി കിട്ടാത്ത ജലസേചന പദ്ധതികൾ

919 [1097] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളപ്രശ്നമുള്ളയിടങ്ങളിൽ അവ പരിഹരിക്കാതെ ജലസേചന പദ്ധതികൾക്ക് കേന്ദ്രം അംഗീകാരം നൽകുന്നതല്ല എന്ന് കേന്ദ്ര ഗവൺമെന്റ് നിലപാട് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) ഇവ ഓരോന്നും സംബന്ധിച്ച നിർദ്ദേശം എന്നാണ് കേന്ദ്രത്തിനയച്ചത്;

(ഡി) കേന്ദ്രഗവൺമെന്റിന്റെ അനുവാദം ലഭിക്കുവാൻ സംസ്ഥാനം കൈക്കൊണ്ട നടപടികൾ എന്തെല്ലാം?

ഉത്തരം

(എ, ബി) ഔദ്യോഗികമായ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. കുടിവെള്ളം പ്രശ്നമുള്ളയിടങ്ങളിൽ അവ പരിഹരിക്കാതെ ജലസേചന പദ്ധതികൾക്ക് കേന്ദ്രം അംഗീകാരം നൽകുന്നതല്ല. എന്ന കാരണത്താൽ സംസ്ഥാനത്ത് കേന്ദ്രാനുവാദം കിട്ടാത്ത ഒരു പദ്ധതിയും ഇല്ല.

(സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

ചെറുകിട ജലസേചന പദ്ധതിക്കുവേണ്ടി ചെലവാക്കിയ തുക

920 [1098] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86 സാമ്പത്തിക വർഷത്തിൽ ചെറുകിട ജലസേചന പദ്ധതികൾക്കുവേണ്ടി ചെലവാക്കിയ തുക എത്ര;

(ബി) ജില്ല തിരിച്ച് കണക്കു വെളിപ്പെടുത്താമോ?

ഉത്തരം

(എ) 649.605 ലക്ഷം രൂപ

(ബി) റവന്യൂ ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. ഡിവിഷൻ തിരിച്ചുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

1.	എം. ഐ. ഡിവിഷൻ തിരുവനന്തപുരം	41.351 ലക്ഷം രൂപ
2.	കൊല്ലം	54.124 ,,
3.	ചെങ്ങന്നൂർ	51.748 ,,
4.	കോട്ടയം	39.052 ,,

LIBRARY ARCHIVES Kerala Legislative Assembly

5.	എറണാകുളം	145.000	ലക്ഷംരൂപ
6.	തൃശ്ശൂർ	98.956	,,
7.	പാലക്കാട്	51.321	,,
8.	മലപ്പുറം	89.665	,,
9.	കോഴിക്കോട്	40.401	,,
10.	കണ്ണൂർ	37.987	,,
	ആകെ	649.605	,,

മണ്ണാർക്കാട്ടെ കുന്തിപ്പുഴ മൈനർ ഇറിഗേഷൻ പ്രോജക്ട്

921 [1099] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട്ടെ കുന്തിപ്പുഴ മൈനർ ഇറിഗേഷൻ പ്രോജക്ടിനു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവോ;

(ബി) എങ്കിൽ എന്നായിരുന്നു;

(സി) അന്ന് എത്ര രൂപയായിരുന്നു എസ്റ്റിമേറ്റ്;

(ഡി) ഇപ്പോൾ ഈ പദ്ധതി നടപ്പിലാക്കാൻ എത്ര രൂപ ആവശ്യമുണ്ട്;

(ഇ) ഈ പദ്ധതിയുടെ നിർമ്മാണം അനധികൃതമായി താമസിപ്പിച്ച ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തയ്യാറാക്കിയിരുന്നു.

(ബി,സി) 1978-ൽ 30 ലക്ഷം രൂപയ്ക്കും 1983-ൽ 38 ലക്ഷം രൂപയ്ക്കും, 1985-ൽ 55 ലക്ഷം രൂപയ്ക്കും എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു.

(ഡി) 55 ലക്ഷം രൂപ

(ഇ) ബഡ്ജറ്റ് തുക അപര്യാപ്തമായതിനാലാണ് ഈ പണി ഏറ്റെടുക്കാനുള്ള നടപടികൾക്ക് താമസം നേരിട്ടത്.

നെയ്യാർ ഡാമിൽ നിന്നുള്ള ജലസേചനം

922 [1100] ശ്രീ. എൻ. ശക്തൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാമിലെ കനാലുകളിൽ നിന്ന് ചാനലിനോട് ചേർന്നുകിടക്കുന്ന പൊങ്ങിയ സ്ഥലത്തേക്ക് പമ്പ് ഉപയോഗിച്ചു വെള്ളം എടുക്കുന്നതിന് ആഗ്രഹിക്കുന്ന ഭൂ ഉടമകൾ പ്രത്യേകം അനുവാദം വാങ്ങേണ്ടതുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള മാനദണ്ഡം എന്താണ്?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly